കേരളാ യൂണിവേഴ്സിറ്റി
ബോട്ടണി വിഭാഗം
കാര്യവട്ടം

<u>റീ-ടെൻഡർ പരസ്യം</u>

കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസ്സിലെ ബോട്ടണി വിഭാഗത്തിലെ ഗാർഡനിൽ ഉപയോഗിക്കുന്നതിനായി ഒരു വർഷ കാലയളവിലേക്ക് ( ടെണ്ടറുകൾ സ്ഥിരപ്പെടുത്തിയ അറിയിപ്പ് ലഭിച്ച ദിവസം മുതൽ 31.03.2020 ) വേണ്ടിവരുന്ന മണലും ചാണകവും ടി ഫാമിൽ കൊണ്ടുവന്നു അളവും ഗുണനിലവാരവും ബോധ്യപ്പെടുത്തി ( ചാണകവും മണലും കൊണ്ടുവരുന്ന വാഹനത്തിലോ നിരപ്പായ നിലത്തോ മീറ്റർ ക്യൂബ് അളക്കുവാൻ പറ്റുന്ന വിധം ടി ഫാമിൽ എത്തിക്കണം ) തരുന്നതിനു തയ്യാറുള്ളവരിൽ (വ്യക്തികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ ) നിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു

<u>ടെണ്ടർ വ്യവസ്ഥകൾ</u>

1 . ചാണകത്തിനും മണലിനും പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതും കവറിനു മുകളിൽ ഏതിനുള്ള ടെണ്ടർ എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്.

2 . ടെണ്ടറുകൾ **18.09.2019 ബുധനാഴ്ച ഉച്ചക്ക് 12 മണിക്ക് മുൻപായി** ഓഫീസിൽ കിട്ടിയിരിക്കേണ്ടതും ആണ്.

3 . ടെണ്ടറിൽ ഓരോ ക്യൂബിക് മീറ്റർ ചാണകവും മണലും നൽകുന്നതിനുള്ള തുക എത്ര വേണമെന്ന് എഴുതിയിരിക്കേണ്ടതാണ്.

4 . അപ്പോൾ സന്നിഹിതരാവുന്നവരുടെ സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ പൊളിച്ചു പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ തുക ടി വിഭാഗത്തിന് സ്വീകാര്യമായി എഴുതിയിട്ടുള്ള ആളിൻറെ പേരിൽ ടെണ്ടർ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. ടെണ്ടറുകൾ സ്ഥിരപ്പെടുത്തിയ അറിയിപ്പ് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ശേഷം ടെണ്ടറുകരൻ ഓഫിസിൽ നിന്നും നിർദ്ദേശിക്കുന്നതനുസരിച്ചു് , നൂറ് രൂപാ പത്രത്തിൽ എഗ്രിമെൻറ് എഴുതി തരേണ്ടതും ടെണ്ടറിന്റെ

ഉറപ്പിലേക്കായി മൊത്തം തുകയുടെ 1% ഡിപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതും ടി സംഖ്യ ടെണ്ടർ കാലാവധി അവസാനിച്ചശേഷം 30 ദിവസത്തിനകം മടക്കി വാങ്ങാവുന്നതുമാണ്. ചാണകത്തിനും മണലിനും മേൽ പറഞ്ഞിരിക്കുന്ന പ്രകാരം ഡിപ്പോസിറ്റും എഗ്രിമെന്റും പ്രത്യേകം പ്രത്യേകം തരേണ്ടതാണ്.

6. ടെൻഡററുകൾ കൊണ്ടുവരുന്ന ചാണകത്തിലും മണലിലും യാതൊരു വിധ കലർപ്പും ചേർക്കാത്തതും അപ്രകാരം കാണുന്നവ പാടെ നിരസിക്കുന്നതുമാണ്. (ആറ്റു മണൽ പരുക്കൻ തന്നെ എത്തിക്കേണ്ടതാണ്).

7. ടെണ്ടർ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ ടെണ്ടർ റദ്ദ് ചെയ്യുന്നതും ഡിപ്പോസിറ്റ് തുക യൂണിവേഴ്സിറ്റിക്ക് മുതൽക്കൂട്ടുന്നതും ഈ ഓഫീസിന് ഉണ്ടായേക്കുമെന്ന് തോന്നുന്ന നഷ്ടങ്ങൾക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്. ഇത്തരത്തിൽ ഉണ്ടാവുന്ന എല്ലാ നഷ്ടങ്ങൾക്കും ടെണ്ടറുകരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്

8 .ടി ടെണ്ടറുകളെ സംബന്ധിച്ച് ഏതു തീരുമാനവും എടുക്കുവാനുള്ള പൂർണ്ണ അധികാരം ടി വിഭാഗം മേധാവിക്ക് ഉണ്ടായിരിക്കും

9 .ആവശ്യമെന്നു കണ്ടാൽ ടെൻഡർ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനോ കൂടുതൽ വ്യവസ്ഥകൾ കൈക്കൊള്ളുന്നതിനോ ടി വിഭാഗം ഹെഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ടി ഓഫീസിൽ അന്വേഷിക്കാവുന്നതാണ് (ഫോൺ 0471 2308301).

കുറിപ്പ്: ആറ്റുമണലിനും ചാണകത്തിനും പ്രത്യേകം കവറിൽ A4 വലിപ്പമുള്ള വെള്ള പേപ്പറിൽ ടെണ്ടർ നൽകേണ്ടതാണ്.

30/8/19

ഹെഡ്
ബോട്ടണി വിഭാഗം
കേരള യൂണിവേഴ്സിറ്റി
കാര്യവട്ടം പി ഓ
തിരുവനന്തപുരം 695581

കാര്യവട്ടം
30.08.2019

DEPARTMENT OF BOTANY KARIAVATTOM

PROFESSOR AND HEAD
Department of Botany
University of Kerala, Kariavattom
Thiruvananthapuram - 695 581